കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എഐഡികെ.പി-9/ 1322/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 20/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരി പത്രം സഹിതം)
ജോയിന്റ് ഡയറക്ടർ എൽ.എസ്.ജി.ഡി ,ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എഐഡികെ.പി-9/ 1322/2023 തീയ്യതി: 20/12/2023

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-04-2023 മുതൽ 20-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ. കെ.കെ.വിനോദ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	20-11-2023	25-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
20-11-2023	25-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽരാജ് ആർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.നവാസ് സി.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കൃഷ്ണദാസ് എൻ.വി.സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ആനന്ദറാണി ദാസ്	പ്രസിഡന്റ്	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ടോമി ജോസഫ്	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	01-04-2022	31-03-2023
ശ്രീ. വിജീഷ് .എൻവി	വ്യവസായ വികസന ഓഫീസർ	01-04-2022	01-08-2022
ഡോ.രാജേഷ് കെ.എസ്	വ്യവസായ വികസന ഓഫീസർ	02-08-2022	31-03-2023
ശ്രീ,പ്രമോദ് .എസ്	കൃഷി അസി. ഡയറക്ടർ	01-04-2022	01-10-2022
ശ്രീമതി മാലിനി .ഡി	കൃഷി അസി. ഡയറക്ടർ	02-10-2022	31-03-2023
ശ്രീമതി സുധർമിണിയമ്മ	ശിശു വികസന പദ്ധതി ഓഫീസർ(ദേവികുളം)	01-04-2022	20-12-2022
ശ്രീമതി ജയ.കെ.പി	ശിശു വികസന പദ്ധതി ഓഫീസർ(ദേവികുളം)	21-12-2022	31-03-2023
ശ്രീമതി തുളസി.പി.എൻ	ശിശു വികസന പദ്ധതി ഓഫീസർ(ദേവികുളംഅഡീഷണൽ)	01-04-2022	31-03-2023
ഡോ. അശ്വതി വിശ്വൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	01-04-2022	03-05-2022
ഡോ. സാബു.വി.എസ്	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	03-05-2022	31-03-2023
ഡോ. ജിറ്റു മാത്യു ജേക്കബ്	മെഡിക്കൽ ഓഫീസർ സി.എച്ച്.സി മറയൂർ	01-04-2022	31-03-2023
ശ്രീ. ബാബു.പി.ബി	പട്ടികജാതി വികസന ഓഫീസർ	01-04-2022	31-03-2023
ശ്രീ. പ്രദീപ്.എൽ.പി	പട്ടിക വർഗ വികസന ഓഫീസർ	01-04-2022	31-03-2023
ശ്രീമതി റിനു തോമസ്	ക്ഷീര വികസന ഓഫീസർ	01-04-2022	31-03-2023
ഡോ.രാമസ്വാമി	അസി.ഡയറക്ടർ വെറ്ററിനറി പോളി ക്ലിനിക്ക് മൂന്നാർ	01-04-2022	31-03-2023
ശ്രീ,വിനയദാസ് .എൻ.വി	അസി.എക്സി .എൻജിനിയർ	01-04-2022	30-06-2022
ശ്രീ. സൈജു.ടി	അസി.എക്സി .എൻജിനിയർ	01-07-2022	31-08-2022
ശ്രീ.വിനയദാസ് .എൻ.വി	അസി.എക്സി .എൻജിനിയർ	01-09-2022	31-03-2023

ശ്രീമതി അനീഷ എ.വൈ	അസി.എൻജിനിയർ	01-04-2022	12-08-2022
ശ്രീ.വിഷ്ണു വിജയൻ	രണ്ടാം തരം ഓവർസീയർ (അസി.എൻജിനിയറുടെ അധികച്ചുമതല)	13-08-2022	11-09-2022
ശ്രീമതി അനീഷ എ.വൈ	അസി.എൻജിനിയർ	12-09-2022	12-09-2022
ശ്രീ.വിഷ്ണു വിജയൻ	രണ്ടാം തരം ഓവർസീയർ (അസി.എൻജിനിയറുടെ അധികച്ചുമതല)	13-09-2022	21-09-2022
ശ്രീമതി അനീഷ എ.വൈ	അസി.എൻജിനിയർ	22-09-2022	24-09-2022
ശ്രീ.അമിത്.കെ.സുധാകരൻ	അസി.എൻജിനിയർ	25-09-2022	31-03-2023
ഡോ. അശ്വതി വിശ്വൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	01-04-2022	02-05-2022
ഡോ. സാബു.വി.എസ്	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം	03-05-2022	31-03-2023

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
4	മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല	1-1-4
5	ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-5
6	നിർവഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ ധനകാര്യപത്രികിയിൽ ഉൾപ്പെടുത്തിയില്ല	1-1-6
7	പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല	1-1-7
8	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന നോട്ട് ഓൺ അക്കൗണ്ട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല	1-1-8
9	ബജറ്റ്	1-2
10	ഗ്രാന്റ് വിനിയോഗം	1-3
11	സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ പിഴവ്- ബ്ലോക്ക്പഞ്ചായത്തിന് നഷ്ടമാകുന്നത് 2.04കോടി രൂപ	1-3-1
12	പദ്ധതി അവലോകനം.	1-4
13	ക്യാഷ് പരിശോധന	1-5
14	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-6
15	വാടക പിരിവ് കാര്യക്ഷമമല്ല	1-7
16	വാഹന ലേലത്തുക കണക്കുകളിൽ പൂർണമായി പ്രതിഫലിക്കുന്നില്ല	1-8
17	കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം- വിതരണ ഏജൻസിക്കുള്ള പ്രതിഫലം ക്ഷീരസംഘങ്ങൾക്ക് കൈമാറി	1-9
18	ഗ്ലൂക്കോമീറ്റർ വിതരണം- പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ	1-10
19	വയോജനങ്ങൾക്ക് ഉപകരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-11
20	പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹണ ഏജൻസി മുഖേന നടപ്പാക്കി	1-12
21	എസ്.സി.കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ	1-13
22	ടേക്ക് എ ബ്രേക്ക് പ്രോജക്ട്-മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് നിർമാണം നടത്തി.	1-14

23	ഉയർന്ന നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവഹിക്കാത്ത ഇനം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്റ്റുകൾ നടപ്പാക്കി	1-15
24	ഐറിഷ് ഓടനിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി	1-16
25	കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്ന് പിഴ ഈടാക്കിയില്ല	1-17
26	PMAY-ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗൃഹനിർമാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു	1-18
27	കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല	1-19
28	ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചില്ല.	1-20
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ഉയർന്ന നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവഹിക്കാത്ത ഇനം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്റ്റുകൾ നടപ്പാക്കി	3-1
2	ഐറിഷ് ഓടനിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി	3-2
ഭാഗം **4**		
1	സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ-വായ്പ തിരച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/തീ. 19.07.2023 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 19.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
20.12.2023 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനത്തിന് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനമായ വാടകയ്ക്ക് 31. 03. 2023-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

1-1-4 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

1-1-5 ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാടക ഡിമാന്റ് രജിസ്റ്ററിൽ അന്തിമ തുകകൾ (ഡിമാന്റ്,പിരിവ്,കുടിശ്ശിക തുകകൾ) നിർണയിച്ചിട്ടില്ല; ആകയാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള തുകകളുടെ ആധികാരികത വ്യക്തമല്ല.

1-1-6 നിർവഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ ധനകാര്യപത്രികിയിൽ ഉൾപ്പെടുത്തിയില്ല

തൻവർഷം പ്രോജക്ടുകൾക്കായി നിർവഹണ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ധനകാര്യപത്രികയിലെ ബി18 പട്ടികയിൽ പൂർണമായി ഉൾപ്പെടുത്തിയില്ല. തൻവർഷം ഇടുക്കി ജില്ലാ

നിർമിതി കേന്ദ്രം, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എന്നിവർ മുഖേന പ്രവൃത്തികൾ നടത്തുന്നതിന് തുക നിക്ഷേപിച്ചിരുന്നുവെങ്കിലും അവയുടെ പൂർണമായ വിവരം ധനകാര്യപത്രികയുടെ ബി- 18 ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 4-2-ൽ ഉൾപ്പെടുത്തിയത് കാണുക.

1-1-7 പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ നിഷ്കർഷിക്കുന്ന പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രികകൾ കൃത്യമായി തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിച്ചിട്ടില്ല.

1-1-8 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന നോട്ട് ഓൺ അക്കൗണ്ട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ധനകാര്യപത്രികയിലെ സങ്കീർണമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തുന്നതിനുവേണ്ടി ധാരാളം ജേണൽ വൗച്ചറുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവയെ ഫലപ്രദമായി വിലയിരുത്തുന്നതിനും സാധൂകരിക്കുന്നതിനും പര്യാപ്തമായ രീതിയിൽ നോട്ട്സ് ഓൺ അക്കൗണ്ട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തീരുമാന നമ്പർ /തീയതി
ഭരണസമിതിയിൽ അവതരണം, അംഗീകാരം	I(1)/തീ. 30.03.2022
ബജറ്റ് പുതുക്കൽ	2(1)/തീ. 14.03.2023

ഇനം	പ്രാഥമിക ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	9696828	--
വരവ്	228581172	558370895
ആകെ	238278000	558370895
ചെലവ്	225249672	489307953
നീക്കിയിരിപ്പ്	13028328	69062942

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. മാർച്ച് 31-ന് മുമ്പ് എന്ന

നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ടില്ലെന്ന് അവയിലെ തുകകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് വ്യക്തമാകുന്നു.

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ് , ചെലവുകളിലെ സാമ്പത്തിക അച്ചടക്കം , കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ആധാരശിലയാകേണ്ട ബജറ്റ് കേവലം സാങ്കല്പിക സംഖ്യകളുടെ ചിത്രീകരണം മാത്രമായി പരിമിതപ്പെടുന്നത് ശരിയായ പ്രവണതയല്ല. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടപ്പെടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കാത്ത നടപടി ഗൗരവമർഹിക്കുന്നു. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി , ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട് (ജനറൽ)	പൊതു വിഭാഗം	00	51471000	51471000	34437678	17033322
വികസന ഫണ്ട് (എസ്.സി.പി.)	പട്ടിക ജാതി വിഭാഗം	00	57014000	57014000	32648968	24365032
വികസന ഫണ്ട് (റ്റി.എസ്.പി.)	പട്ടിക വർഗ്ഗ വിഭാഗം	00	14292000	14292000	11835560	2456440
ധനകാര്യ കമ്മീഷൻ ഗ്രാന്റ്**	TIED	8077144	12448000	20525144	19168149	1356995
	UNTIED	2348027	8299000+ 525136 (INT)	11172163	7252660	3919503 (3394367 + 525136)
സംരക്ഷണ ഗ്രാന്റ്	റോഡിതരം	00	12513000	12513000	9262908	3250092
എസ്.ജി.എസ്.വൈ.		12006	713	12719	00	12719
ഐ.എ.വൈ.## .	പൊതു വിഭാഗം	10882545	263961	11146506	6866000	4280506
	പട്ടിക ജാതി വിഭാഗം	17146906	286180	17433086	9335525	8097561

ഐ.എ.വൈ.	അധിക തുക	1224	19	1243	00	1243
എം.എൽ.എ. ഫണ്ട്		231016	13708	244724	00	244724

** ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകൾ

മുൻവർഷ നീക്കിയിരിപ്പ് നിർണയിച്ചതിൽ പിശകുണ്ട്. ചെക്ക്ഇഷ്യു രജിസ്റ്റർ- ബാങ്ക് പാസ്സ് ബുക്ക് പൊരുത്തപ്പെടുത്തൽ പത്രിക അടിസ്ഥാനപ്പെടുത്തിയാണ് മുന്നിരിപ്പ് നിർണയിച്ചിരിക്കുന്നത്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

2) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾലഭ്യമല്ല.

3) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

3) 2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ നീക്കിയിരിപ്പ് യഥാക്രമം ₹1356995/- ഉം ₹3919503/- ഉം (പലിശയുൾപ്പടെ) ആണ്. അവയുടെ തൻവർഷ വരവു ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകൾ , SANKHYA കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

CFC (UNTIED GRANT)					
ഇനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	2348027	8299000+ 525136* (INT)	11172163	7252660	3919503**
SANKHYA പ്രകാരം	1460533	8824136 (525136*പലിശയുൾപ്പടെ)	10284669	6250212	4034457
CFC (TIED GRANT)					
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	8077144	12448000	20525144	19168149	1356995
SANKHYA പ്രകാരം	11345321	12448000	23793321	13275328	10517993

* & **ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല.

ബാങ്ക് -സാംഖ്യ പൊരുത്തപ്പെടുത്തൽ പത്രിക	
സാംഖ്യ പ്രകാരം 31.03.2023-ലെ നീക്കിയിരിപ്പ്	14552450 (4034457 + 10517993)
(+)	467266
(+)	1032681
പാസ്സ് ബുക്ക് പ്രകാരം 31.03.2023-ലെ നീക്കിയിരിപ്പ്	16052397

പി.എഫ്.എം.എസ് പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ് ,ചെലവ് നീക്കിയിരിപ്പ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

1-3-1 സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ പിഴവ്- ബ്ലോക്ക്പഞ്ചായത്തിന് നഷ്ടമാകുന്നത് 2.04കോടി രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എംഎസ്)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു

സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% -Actual Expenditure) ഷോർട് ഫോളായി പരിഗണിച്ച് തുടർന്ന് വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് കുറവു വരുത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) എന്നീ ഇനങ്ങളിൽ നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി 20448846 രൂപയാണ് 2024-25-ൽ നഷ്ടമാകുന്നത്. ഇതിനു പുറമെ വികസന ഫണ്ട് (SCP) ഫണ്ടിലെ ഷോർട്ട് ഫോൾ പരിഹരിക്കുന്നതിന് വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് ₹.1,29,62,232/- 2023-24-ൽ പരിഹാര വകയിരുത്തൽ നടത്തേണ്ടതായും വരുന്നു. വിശ ദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് (₹)	യഥാർത്ഥ ചെലവ് (₹)	ചെലവ് ശതമാനം	2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹)	ഷോർട്ട് ഫോൾ ഇനത്തിൽ 2024-25-ൽ നഷ്ടമാകുന്ന തുക	വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് 2023-24ൽ പരിഹാര വകയിരുത്തൽ വേണ്ടി വരുന്ന തുക
വികസന ഫണ്ട് (പൊതു വിഭാഗം)	51471000	34437678	66.9	10294200	6739122	00
വികസന ഫണ്ട് (SCP)	57014000	32648968	57.26	11402800	12962232	12962232
ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം)	12513000	9262908	74.02	2502600	747492	00
ഒട്ടാകെ					20448846	

ബ്ലോക്ക് പഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്ന വസ്തുതയല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് , നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
169	215178725	127	124227749	42	75.14

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

നിർവഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയവ	അടങ്കൽ	ചെലവ്
കൃഷി അസി.ഡയറക്ടർ	03	03	1380000	726625
സി.ഡി.പി.ഒ	07	05	2885500	1669785
MO(CHC)	13	13	10130500	8749434
ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ	04	04	2603000	2339477
പട്ടികജാതി വികസന ഓഫീസർ	03	03	3100000	1965186
വ്യവസായ വികസന ഓഫീസർ	02	02	4900000	1100000
സീനിയർ വെറ്ററിനറി സർജൻ	02	02	3600000	3600000
ബ്ലോക്ക് പഞ്ചായത്ത് Secretary	40	35	97097165	48649387
AEE,LID & EW	09	09	12542018	11329663
AE,LID & EW	76	51	76940542	44098192

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

ഇനം	തീരുമാന നം,/ തീയതി
വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	24.05.2022
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	02.06.2022
വികസന സെമിനാർ	14.06.2022
ഭരണാനുമതി	I(1)/ തീ. 20.06.2022

ജില്ലാ ആസൂത്രണ സമിതി അംഗീകാരം(ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം)	677/2022/DPC/DPO/IDK തീ. 06.03.2023

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- ഏറ്റെടുത്ത 169 പ്രോജക്ടുകളിൽ 127എണ്ണമാണ് നടപ്പാക്കാൻ കഴിഞ്ഞത്.
- വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് റോഡ് എന്നീ ഗ്രാന്റുകളുടെ നിശ്ചിത ശതമാനം യഥാവിധി ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ 2 കോടിയിലധികംരൂപ ഷോർട്ട് ഫോളിനത്തിൽ നഷ്ടമാകും.
- കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാനായത് മികച്ച നേട്ടമായി വിലയിരുത്തുന്നു.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- PMAY ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു
- പട്ടികജാതി-പട്ടികവർഗ കോളനികളിൽ സൗര-വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിനാവിഷ്കരിച്ച പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ല.
- മരാമത്ത് പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികൾമുഖേന നടപ്പാക്കാനുള്ള ശ്രമം ഫലം കണ്ടില്ല. ഏൽപ്പിച്ചതിൽ പാതിയും പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയം തുകയൊന്നും ശേഷിച്ചിരുന്നില്ല

1-6 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.
3. ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയാണ് പ്രധാന തനതു വരുമാനസ്രോതസ്. വാടകയിൽ വലിയ കുടിശ്ശികയുണ്ട്. വാടകക്കാരുമായി കരാർ ചമയ്ക്കാത്തതിനാൽ കുടിശ്ശിക ഈടാക്കുന്നതിനും, അവരെ ഒഴിപ്പിക്കുന്നതിനും നിയമപരമായ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതിനാവശ്യമായ തുടർന്നടപടികൾ അനിവാര്യമാണ്.

4. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും നാളിതുവരെ പൂർണമായിട്ടില്ല.
5. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ഒട്ടേറെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
6. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.
7. സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ ഷോർട്ട് ഫോളിലൂടെ രണ്ടു കോടി രൂപയിലധികം നഷ്ടപ്പെടാൻ കാരണമായി.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-7 വാടക പിരിവ് കാര്യക്ഷമമല്ല

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് 45 കടമുറികളിൽ നിന്നാണ് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിലെ തൻവർഷ ആകെ ഡിമാന്റ് ₹2695538(₹2579498 + ₹116040/-)ഉം, പിരിവ് ₹ 791231 രൂപയുമാണ്. B15 ഷെഡ്യൂൾ പ്രകാരം ആകെ കുടിശ്ശിക 2978307 രൂപയാണ്. വാടക രജിസ്റ്ററിൽ തൻവർഷത്തെ വരവും കുടിശ്ശിക വരവും കൃത്യമായി ചേർക്കാത്തതിനാൽ വാർഷിക സംക്ഷിപ്തം ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

എ) സംവരണ തത്വം പാലിക്കൽ

കടമുറികൾ, ബങ്ക്, സ്റ്റാളുകൾ മുതലായവ വാടകയ്ക്കോ, പാട്ടത്തിനോ നൽകുമ്പോൾ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് 10 ശതമാനവും അംഗപരിമിതർക്ക് (50% ൽ അധികം വൈകല്യം ഉള്ളവർക്ക്) 3 ശതമാനവും സംവരണം നൽകേണ്ടതാണ്. സംവരണ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ബി) വാടക പിരിവിനായുള്ള ബൈലോ

വാടകയ്ക്ക് നൽകുന്ന കടമുറികളുടെ നിയമപരമായ ഉപയോഗം, വാടക ഈടാക്കൽ നടപടികൾ കാര്യക്ഷമമാക്കുന്നതിന് ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ,കുടിശ്ശിക, ഡെപ്പോസിറ്റ് ഈടാക്കൽ നടപടികളുടെ നിയമപരമായ

സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7), 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ, സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഓഡിറ്റോറിയം വാടക

വാർഷിക ധനകാര്യ പത്രിക പ്രകാരം Rent From Auditoriums & Hall എന്ന ശീർഷകത്തിൽ 500രൂപ വരവുണ്ട്. ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ഡി) വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല.

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2016-17-ന ശേഷം കരാറുകൾ ചമയ്ക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. ഒരേ വ്യക്തികൾക്ക് തന്നെ ഓരോ വർഷവും 5% നിരക്ക് വർദ്ധിപ്പിച്ച് വാടകയ്ക്ക് നൽകി വരുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കരാറില്ലാതെ കുത്തകക്കാരെ തുടരാൻ അനുവദിക്കുന്നത് കോടതി വ്യവഹാര സാഹചര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾ ഹനിക്കപ്പെടാനിടയാക്കുന്നതാണ്. ദീർഘ കാലമായി കരാർ ചമയ്ക്കാത്ത വ്യക്തികളെ കൈവശക്കാരായി അംഗീകരിക്കുന്ന നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 06/തീ.22.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത അപാകതകൾ പരിഹരിച്ച് വാടക പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാടക രജിസ്റ്ററിൽ തൻവർഷത്തെ വരവും കുടിശ്ശിക വരവും കൃത്യമായി ചേർക്കേണ്ടതും വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതുമാണ്.

2. വാടക പിരിവ്, ഓഡിറ്റോറിയം വാടക എന്നിവയുടെ പിരിവിനായി ബൈലോകൾ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃത സംവരണ വ്യവസ്ഥ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

4. വാടകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതും അവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

5. കൈവശക്കാരുടെ ധനകാര്യ പത്രിക B15 ഷെഡ്യൂൾ പ്രകാരമുള്ള കുടിശ്ശിക 2948307 രൂപ കാലഹരണപ്പെടുന്നതിനുമുൻപ് ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 വാഹന ലേലത്തുക കണക്കുകളിൽ പൂർണമായി പ്രതിഫലിക്കുന്നില്ല

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായിരുന്ന KL-06-F-4845 നമ്പർ ബോലേറോ ജീപ്പ് തൻവർഷം പരസ്യ ലേലത്തിലൂടെ കൈയ്യൊഴിഞ്ഞിട്ടുണ്ട്. ഏറ്റവും ഉയർന്ന വില വാഗ്ദാനം ചെയ്ത ശ്രീ. ടി.എസ് മുഹമ്മദ് ബഷീറിന് ₹135000 രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകി (ജി എസ് ടി ഉൾപ്പടെ ₹159300). ലേലത്തീയതിയായ 03.02.2023-ൽ നിരതദ്രവ്യത്തോടൊപ്പം സ്വീകരിച്ച ആദ്യ ഗഡു തുക 50000 രൂപ (രസീത് ബുക്ക് നം. 1739- രസീത് നം 61,62) ലേല നിക്ഷേപം എന്ന കണക്കു ശീർഷകത്തിലാണ് വരവു വെച്ചത്. പിന്നീട് 17.02.2023-ൽ അന്തിമ ഗഡുവായി ഈടാക്കിയ 85000 രൂപ (രശീത് നം.122060100105/ 17.02.2023) Receipts From Auction Of Obsolate Asssets എന്ന ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ആദ്യഗഡു ഋണശീർഷകത്തിൽ രേഖപ്പെടുത്തിയതിനാൽ വാഹനത്തിന്റെ യഥാർത്ഥ ലേലമൂല്യം കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. അത് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരവ് ശീർഷകത്തിലേക്ക് ജേണൽ മുഖേന ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-9 കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം- വിതരണ ഏജൻസിക്കുള്ള പ്രതിഫലം ക്ഷീരസംഘങ്ങൾക്ക് കൈമാറി

നിർവഹണ ഉദ്യോഗസ്ഥൻ :-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണത്തിനായി ഏറ്റെടുത്ത പ്രസ്തുത പ്രോജക്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എം.എസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് നടപ്പാക്കിയത്.

പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.16 അനുസരിച്ച്, കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതും, ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതുമാണ്. ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ലെന്നും കാലിത്തീറ്റയായിത്തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണെന്നും പ്രസ്തുത ഖണ്ഡികയിൽ നിബന്ധനയുണ്ട്. എന്നാൽ കാലിത്തീറ്റ നൽകിയ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ഗുണഭോക്തൃവിഹിതം ഉൾപ്പടെയുള്ള തുക കൈമാറുന്നതിനുപകരം വിവിധ ക്ഷീര സഹകരണ സംഘങ്ങൾക്ക് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ക്ഷീരസഹകരണ സഹായ സംഘമാണ് സാധനസമാഹരണവും വിതരണവും നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ക്ഷീര സഹകരണ

സംഘങ്ങൾ ഏത് ഏജൻസി/സ്ഥാപനത്തിൽ നിന്നമാണ് വാങ്ങിയിട്ടുള്ളതെന്നം സമാഹരണ നടപടിക്രമങ്ങൾ പാലിച്ചാണോ വാങ്ങൽ നടത്തിയിട്ടുള്ളതെന്നം വ്യക്തമല്ല.

പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2-ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവ്വിനിയോഗമായി കണക്കാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	204/2023, കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം
അടങ്കൽ തുക, ഫണ്ടിനം	₹35,00,000
ചെലവ് തുക	₹35,00,000

ബിൽ വിവരം

ക്രമ നം	ബിൽ നം.	തിയതി	തുക (₹)
1	22100363011200787892	18/11/2022	75350
2	22100363011200893870	12/12/2022	213800
3	22100363011201016862	09/01/2023	986265
4	22100363011201016865	09/01/2023	646730
5	22100363011201054237	17/01/2023	109120
6	22100363011201169223	09/02/2023	215277
7	22100363011201235723	23/02/2023	428588
8	22100363011201103570	28/01/2023	673355
9	22100363011201305265	07/03/2023	53082
10	22100363011201386923	17/03/2023	75431
11	22100363011201499911	27/03/2023	23002
ആകെ			3500000

തുക കൈമാറിയതിന്റെ വിവരം

ക്രമ നം	സ്ഥാപനം	തുക (₹)
1	SANTHANPARA APCOS	127449

2	CHINNAKANAL KSHEEROLPADAKA SAHAKARANA SANGAM	273980
3	PALLIKUNNU APCOS	84321
4	Letchmi Milk Co Op Society Ltd	1659620
5	AANAKKULAM KHEEROLPADAKA SAHAKARANA SANGHAM	38128
6	KOVILKADAVU APCOS	743329
7	MARAYOOR PANDAVAR MPCS	171787
8	Thalumkandam Ksheerolpadaka Co Op Society	45594
9	THE MANKULAM KSHEEROLPADHAKA SANGAM	109902
10	6 TH MILE KSHEEROLPADAKA SANGAM	52626
11	MUNIPARA APCOS	85608
12	VIRINJAPARA APCOS I 185 D MANKULAM P.O	45594
13	THE LUCKAM MILK PRODUCERS	62062
ആകെ		3500000

മേൽ അപാതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/21.11.2023) മറുപടി ലഭ്യമാക്കിയില്ല. തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹35,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-10 ഗ്ലൂക്കോമീറ്റർ വിതരണം- പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ സി.എച്ച്.സി ദേവികുളം

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ദേവികുളം സാമൂഹ്യാരോഗ്യകേന്ദ്രം, വിവിധ കുടുംബാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ പ്രമേഹരോഗമുള്ള വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വാങ്ങി നൽകുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/ പേര്	103/2023, വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ ഉപകരണം വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ- ദേവീകുളം സിഎച്ച്സി
അടങ്കൽ തുക, ഫണ്ടിനം	₹825000/- വികസന ഫണ്ട്- ജനറൽ
ചെലവ് തുക	₹824864/-
ബിൽ നമ്പർ/ തിയതി/ തുക	22100363010401039406/ 13.01.2023/ ₹.8,24,864.
സ്ഥാപനം	കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്
പ്രഫോർമ ഇൻവോയ്സ് നമ്പർ/ തിയതി	PRF 3050/19.12.2022
വാങ്ങിയ ഗ്ലൂക്കോ മീറ്ററുകളുടെ എണ്ണം/ നിരക്ക്	2356 X ₹.312.60
ആകെ തുക ജി.എസ്.ടി(12%) ഉൾപ്പടെ	₹736485.60+ ₹88378.28= ₹.8,24,864.

ഗുണഭോക്തൃ ലിസ്റ്റ് വിശദാംശങ്ങൾ

ക്രമ നം	ഗ്രാമപഞ്ചായത്ത്	ഭരണ സമിതി തീരുമാനം, തിയതി / കത്ത് നം, തിയതി	ഗുണഭോക്താക്കളുടെ എണ്ണം
1	മാങ്കുളം	എസ്.സി-2/1003/20-22, 24.01.2023	582
2	ശാന്തൻപാറ	എസ്.സി-1/400/22, 13.12.2022	117
3	ചിന്നക്കനാൽ	തീരുമാനം നം. 4(1), 08.12.2022	335
4	ദേവികുളം	തീരുമാനം നം. 4(12), 13.01.2023	744
ആകെ			1778

ഗ്ലൂക്കോമീറ്റർ കൈമാറിയതിന്റെ വിവരം

ക്രമ നം	സ്ഥാപനം	തിയതി	ഗുണഭോക്താക്കളുടെ എണ്ണം
1	പി.എച്ച്.സി മാങ്കുളം	08.06.2023	471
2	പി.എച്ച്.സി ശാന്തൻപാറ	18.07.2023	471
3	പി.എച്ച്.സി ചിന്നക്കനാൽ	27.09.2023	471
4	പി.എച്ച്.സി മാങ്കുളം	07.11.2023	444
5	ഹെൽത്ത് ഇൻസ്പെക്ടർ- സി.എച്ച്.സി ദേവികുളം	14.11.2023	499
ആകെ			2356

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകുന്നതിന് മുമ്പ് തന്നെ ഗ്ലൂക്കോമീറ്ററുകൾ വാങ്ങി സൂക്ഷിച്ചു.

2. 1778 പേർ മാത്രം ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളപ്പോൾ 2356 ഗ്ലൂക്കോമീറ്റർ സമാഹരിക്കുകയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 578 പേർക്ക് ആനുകൂല്യം നൽകുന്നതിന് ഇടയാക്കിയതുമായ സാഹചര്യം വിശദമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കൾ ഗ്ലൂക്കോമീറ്റർ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. ഗ്ലൂക്കോമീറ്ററുകൾ പൂർണ്ണമായും വിതരണം നടത്തിയതായുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഇതര ഗ്രാമപഞ്ചായത്തുകളിലും പ്രമേഹ രോഗികൾ ഉണ്ടായിരിക്കാമെന്നിരിക്കെ നാല് ഗ്രാമപഞ്ചായത്തുകളിൽ മാത്രമായി വിതരണം പരിമിതപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽപരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 9/22.11.2023) മറുപടി ലഭ്യമാക്കി. ജില്ലാ ആസൂത്രണസമിതിയുടെ പ്രത്യേക അനുമതി വാങ്ങിയാണ് പ്രോജക്ട് നടപ്പാക്കിയതെന്നും അടിയന്തിര സാഹചര്യം മുൻനിർത്തി, ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശപ്രകാരമാണ് ഗ്ലൂക്കോമീറ്ററുകൾ വാങ്ങിയതെന്നും ഗുണഭോക്തൃ ലിസ്റ്റുകൾ വിശദമായി ലഭിക്കുമെന്ന ഉറപ്പിന്മേലാണ് അവ കൈമാറയതെന്നും മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിക്കുന്ന മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക ₹824864/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-11 വയോജനങ്ങൾക്ക് ഉപകരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ സി.എച്ച്.സി മറയൂർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ജീവിതശൈലി രോഗങ്ങൾ ബാധിച്ച വയോജനങ്ങൾക്ക് ഉപകരണം നൽകുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത്. ഇതു പ്രകാരം 538 ഗ്ലൂക്കോമീറ്ററുകളും, ഡിജിറ്റൽ ബ്ലഡ് പ്രഷർ മോണിറ്ററുകളുമാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കൾ മറയൂർ സി.എച്ച്.സിയിൽ ഹാജരായി കൈപ്പറ്റുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളതെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് വിവരം

പ്രോജക്ടട് നമ്പർ/ പേര്	98/2023, ജീവിതശൈലി രോഗമുള്ള വയോജനങ്ങൾക്ക് ഉപകരണം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ- മറയൂർ സിഎച്ച്സി
അടങ്കൽ തുക, ഫണ്ടിനം	₹.7,25,000/- വികസന ഫണ്ട്- ജനറൽ
ചെലവ് തുക	₹.7,14,252/-

ഉപകരണ സമാഹരണത്തിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	ബിൽ നമ്പർ/ തിയതി/ തുക	ഉപകരണത്തിന്റെ പേര്	ആകെ എണ്ണം X നിരക്ക്	സ്ഥാപനം/ ഇൻവോയ്സ് നം./ തിയതി
1	22100363010501110256/ 30.01.2023/ ₹.2,28,150	ഗ്ലൂക്കോമീറ്റർ	390 X ₹585	വൃന്ദാവൻ ട്രേഡിംഗ് കമ്പനി/ GEM117/15.12.2022
2	22100363010501366838/ 16.03.2023/ ₹.56,240	ഗ്ലൂക്കോമീറ്റർ	148 X ₹380	RAJHARSH/ 510/03.03.2023
3	22100363010501449319/ 23.03.2023/ ₹.1,18,252	ഡിജിറ്റൽ ബ്ലഡ് പ്രഷർ മോണിറ്റർ	148 X ₹799	HEMODIAZ LIFE SCIENCES PVT LTD/ Gst2430/22-23
4	22100363010501026040/ 10.01.2023/ ₹.3,11,610	ഡിജിറ്റൽ ബ്ലഡ് പ്രഷർ മോണിറ്റർ	390 X ₹799	HEMODIAZ LIFE SCIENCES PVT LTD/ Gst2428/22-23

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. വയോജനങ്ങൾക്ക് ഉപകരണത്തിന്റെ ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ല.

3. ഗുണഭോക്താക്കൾ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ടവരാണെന്നും, ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ അർഹതാ- മുൻഗണനാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമല്ല.

4. ഗുണഭോക്താക്കൾ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5. ഉപകരണങ്ങൾ പൂർണ്ണമായും വിതരണം നടത്തിയതായുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണ നടത്തിയതിന്റെയും ശേഷിക്കുന്നവയുടെയും ഉൾപ്പടെ മേൽപരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/തീ.24.11.2023) മറുപടി ലഭ്യമാക്കിയില്ല. രേഖാമൂലമുള്ള വിശദീകരണത്തിന്റെ അഭാവത്തിൽ ₹.7,14,252/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12 പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹണ ഏജൻസി മുഖേന നടപ്പാക്കി

തൻവർഷം ദേവികുളം ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച 17 പൊതു മരാമത്ത് പ്രവൃത്തികൾ LID & EW ദേവികുളം സബ്ഡിവിഷനെ ഒഴിവാക്കി നിർമിതി കേന്ദ്രം ഇടുക്കി യൂണിറ്റ് മുഖേനയാണ് നടപ്പാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു നിർവഹണ ഉദ്യോഗസ്ഥൻ. ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	പ്രോജക്ട് നമ്പർ	പ്രോജക്ട് പേര്	അടങ്കൽ	സെന്റേജ്	ബിൽ നം.	അഭിപ്രായക്കുറിപ്പുകൾ

നം			തുക / ചെലവ് തുക	ചാർജ്ജ് 7.5%		
1	136/23	സൂര്യനെല്ലി സെൻട്രൽ ഡിവിഷൻ പാലം – ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത്	950000/ 448723	26530.72	289/ 21-02-23 -190000 481/ 27-03-23 - 258723	ഓഡിറ്റ് വർഷം പൂർത്തിയാക്കിയില്ല
2	158/23	നയമക്കാട് കാന്റീൻ മുൻവശം റോഡ്	600000/ 529170	31287.14	1.256/ 07-02-23- 120000 2. 394/ 20-03-23- 409170	നിർമ്മാണം പൂർത്തിയാക്കി
3	174/23	കാന്തല്ലൂർ ഗുഹനാഥപുരം റോഡ്	950000/ 949776	56155	1.257/ 23- 190000 2.522/ 31-03-23- 759776	നിർമ്മാണം പൂർത്തിയാക്കി
4	142/23	മുനിയാണ്ടി കോവിൽ മുതൽ ഹോസ്പിറ്റൽ വരെ റോഡ് .	1200000/ 700000	70002.59	1. 261/ 07-02-23- 240000 2. 465/2 7-03-23- 460000	ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല – നിർമ്മാണം പൂർത്തിയാക്കിയില്ല
5	140/23	കന്നിമല മുതൽ കന്നിമല ടോപ്പ് ഡിവിഷൻ വരെ റോഡ്	600000/ 599997	35474	1.255/ 06-02-23 -120000 2.391/ 20-03-23- 479997	നിർമ്മാണം പൂർത്തിയാക്കി
6	119/23	തെന്മല ലോവർ മസ്റ്റർ മുതൽ ഫീൽഡ് ഓഫീസർ വീട് വരെ	1350000/ 850000	53872.98	1. 260/ 07-02-23- 270000+ 2.396/ 20-03-23- 580000	നിർമ്മാണം പൂർത്തിയാക്കി

7	139/23	കടലാർ ആശുപത്രി മുതൽ ഈസ്റ്റ് ഡിവിഷൻ റോഡ് വരെ കോൺക്രീറ്റിംഗ്	950000/ 949996	56168.47	1.254/ 06-02-23- 190000 2.393/ 20-03-23- 759996	നിർമ്മാണം പൂർത്തിയാക്കി
8	141/23	അരുവിക്കാട് മുനിയാണ്ടി വീട് മുതൽ ഹോസ്പിറ്റൽ വരെ	600000/ 600000	35474.97	1.266/ 07-02-23- 120000 2.471/ 27-03-23 480000	നിർമ്മാണം പൂർത്തിയാക്കി
9	143/23	നല്ലതണ്ണി മുതൽ വെയിറ്റിംഗ് ഷെഡ് വരെ ഡ്രെയിനേജ്	640000/ 373388	22076.53	1. 265/ 07-02-23- 128000 2. 468/ 27-03-23- 245388	നിർമ്മാണം പൂർത്തിയാക്കി
10	185/23	ചോലമല ചെക്ക് ഡാം നിർമ്മാണം	700000/ 140000	-	1.263/ 07-02-23 140000	നാളിതുവരെ യാതൊരു ജോലിയും ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് ആയി 07-02-23 ൽ 140000 രൂപ മാറിയിട്ടുണ്ട്. കരാർ തീയതി – 13-01-23
11	238/23	മുത്തമ്മചോല അംഗനവാടിക്ക് സമീപം പാർശ്വഭിത്തി സംരക്ഷണം.	650000/ 130000	-	1.476/ 27-03-23 130000	നാളിതുവരെ യാതൊരു ജോലിയും ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് ആയി 07-02-23 ൽ 130000 രൂപ മാറിയിട്ടുണ്ട്. കരാർ തീയതി – 25-03-23
12	138/23	പെരിയവരൈ മുതൽ ചോലമല വരെ റോഡ്	950000/ 949999	56168.64	1.268/ 07-02-23- 190000 2. 395/ 20-3-23- 759999	നിർമ്മാണം പൂർത്തിയാക്കി

13	137/23	പെരിയവരൈ മുതൽ ചോലമല വരെ റോഡ്	600000/ 577036	34117.25	1.253/ 06-02-23- 120000 2.420/ 23-03-23- 457036	പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല
14	154/23	ചോക്കനാട് പതിനാലുമുറി പാർശ്വഭിത്തി സംരക്ഷണം	2200000/ 1574998		1.264/ 07-02-23- 440000 2.426/ 23-03-23- 591369 3. 478/ 27-03-23- 543629	നിർമ്മാണം പൂർത്തിയായിട്ടില്ല.
15	147/23	സൂര്യനെല്ലി വിലക്കുഭാഗം റോഡ് ഡ്രെയിനേജ്	600000/ 120000	-	1.262/ 07-02-23- 120000	നാളിതുവരെ യാതൊരു ജോലിയും ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് ആയി 07-02-23-ൽ 120000 രൂപ മാറിയിട്ടുണ്ട്. കരാർ തീയതി – 13-01-23
16	146/23	കറുപ്പൻ പട്ടികജാതി കോളനി ഡ്രെയിനേജ്	650000/ 130000	-	1.267/ 07-02-23- 130000	നാളിതുവരെ യാതൊരു ജോലിയും ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് ആയി 07-02-23 ൽ 130000 രൂപ മാറിയിട്ടുണ്ട്. കരാർ തീയതി – 13-01-23
17	118/23	വിലക്കുഭാഗം കുടിവെള്ള ടാങ്ക് നിർമ്മാണം	875000/ 175000	-	1.258/ 07-02-23- 175000	നാളിതുവരെ യാതൊരു ജോലിയും ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് ആയി 07-02-23 ൽ 175000 രൂപ മാറിയിട്ടുണ്ട്. കരാർ തീയതി - 13-01-23
	ആകെ അടങ്കൽ/ചെലവ്		15065000/ 9798083			

ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ സുസജ്ജമായ പൊതുമരാമത്ത് വിഭാഗം പ്രവർത്തിക്കുന്നുണ്ടെങ്കിലും, 2022-23 വാർഷിക പദ്ധതികൾ നിർവ്വഹിക്കുന്നതിൽ ജീവനക്കാരുടെ കുറവും, അസിസ്റ്റന്റ് എൻജിനീയർ സ്ഥലംമാറിയതും, മുൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ

എണ്ണത്തിലെ കുറവും വിലയിരുത്തി തൻവർഷം ഇതേ നിലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നുള്ള വാദം മുൻനിർത്തി 2022-23-ലെ പ്രോജക്ടുകളുടെ പൂർണമായ നിർവഹണ ചുമതല എൻജിനിയറിംഗ് വിഭാഗത്തിൽനിന്ന് ഒഴിവാക്കി ചില പ്രോജക്ടുകൾ നടപ്പാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. (ഭരണസമിതി തീരുമാന നം. (I(4) /16.09.2022). തുടർന്ന് ഭരണസമിതിയുടെ 12.10.2022 ലെ 3(3) നം. തീരുമാന പ്രകാരമാണ് നിർമ്മാണ പ്രവൃത്തികൾ നിർവഹണ ഏജൻസി മുഖേന നടപ്പാക്കാൻ തീരുമാനിച്ചത്. തദനുസരണം 01.12.2022-ലെ 1(1) നമ്പർ തീരുമാനപ്രകാരം നിർവഹണ ഏജൻസിയായി ഇടുക്കി ജില്ലാ നിർമിതികേന്ദ്രത്തെ തെരഞ്ഞെടുക്കുകയും 17 പ്രൊജക്ടുകളുടെ നിർമാണ ചുമതല നൽകുകയും ചെയ്തു. തൻവർഷം ആകെ 97,98,083/- രൂപയാണ് കൈമാറിയത്. പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു അസി. എക്സി. എൻജിനിയർ, അസി. എൻജിനിയർ, 04 ഓവർസീയർമാർ എന്നിവരടങ്ങിയ സുസജ്ജമായ എഞ്ചിനീയറിംഗ് വിഭാഗം ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അവരെ ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കാതെ നിർമ്മിതി കേന്ദ്രത്തെ ഏൽപിച്ചത് ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്ന നടപടിയായി വിലയിരുത്താൻ കഴിയില്ല. നിലവിൽ നിർമ്മിതി കേന്ദ്രം നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ അവരുടെ തനതു സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ട പ്രൊജക്ടുകൾ ആയിരുന്നില്ല. റോഡ് കോൺക്രീറ്റിംഗ്, ഡ്രെയിനേജ്, സൈഡ് ഭിത്തി തുടങ്ങിയ സാധാരണ പ്രവൃത്തിയിൽ ആണ് നിർവ്വിതി കേന്ദ്രത്തെ ഏൽപ്പിച്ചത്.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.04.2022-ലെ ജി.ഒ(എംഎസ്) 84/2022നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 12.2.(c) അനുസരിച്ചുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു. പി.എം.സി/നോൺ പി.എം.സികൾ മുഖേന പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ ധനവകുപ്പിന്റെ ഉത്തരവുകൾ [04.07.2019 A G.O (P) നം. 77/2019/ധന, 28.04.2021 GO (P) നം. 67/2021/ധന. 17.01.2022 ലെ G.O(P) നം.7/2022/ധന.) പ്രകാരമുള്ള ബിഡ്ഡിംഗ്/ലിമിറ്റഡ് ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഒപ്പം ധനവകുപ്പിന്റെ ഉത്തരവു പ്രകാരം പി.എം.സി/നോൺ പി.എം.സി അംഗീകാരം ഏതുതരം പ്രവൃത്തികൾക്കാണെന്നും പ്രവൃത്തി ഏൽപ്പിക്കുന്ന സമയത്ത് അക്രഡിറ്റേഷൻ നിലവിലുണ്ടോ എന്നും പരിശോധിച്ച് അത്തരം പ്രവൃത്തികളുടെ നിർവ്വഹണം മാത്രമേ ബന്ധപ്പെട്ട ഏജൻസികളെ ഏൽപ്പിക്കുന്നുള്ളൂവെന്നും ഉറപ്പാക്കണം. എന്നാൽ പ്രസ്തുത നടപടിക്രമം പാലിച്ചതിന് രേഖകളൊന്നും നിലവിലില്ല.

3. ഒന്നരക്കോടി രൂപയിലധികം അടങ്കലുള്ള 17 പ്രോജക്ടുകളാണ് നിർവഹണത്തിനായി നിർമിതി കേന്ദ്രത്തെ ഏൽപ്പിച്ചത്. മുൻവർഷം യഥാസമയം പ്രോജക്റ്റ് പൂർത്തീകരിക്കാതിരുന്നതുമൂലം ഫണ്ട് ലാപ്സായി എന്ന കാരണം മുൻനിർത്തിയാണ് അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള പദ്ധതി നിർവഹണത്തിന് പഞ്ചായത്ത് തീരുമാനമെടുത്തത്. എന്നാൽ നിർവഹണ ഏജൻസിയുടെ സബ്കോൺട്രാക്ട് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും ഇതര ഭരണനടപടികൾക്കും വേണ്ടി വന്ന കാലതാമസം മൂലം വകയിരുത്തിയ തുകയുടെ മൂന്നിലൊന്നും ചെലവഴിക്കാനായില്ല. ആകെ ₹.97,98,083/- മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. 2022 ജൂൺ അവസാന വാരം സാങ്കേതികാനുമതിയുൾപ്പടെയുള്ള അനുമതികൾ ലഭിച്ച് നിർവഹണസജ്ജമായ പ്രോജക്ടുകൾ എൻജിനിയറിംഗ് വിഭാഗത്തിനെ വിശ്വാസത്തിലെടുത്ത് മോണിട്ടറിംഗ് സമിതികളുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിന് പകരം അവ ആര് മുഖേന നടപ്പാക്കണമെന്ന ചർച്ചകൾ ഡിസംബർ വരെ നീട്ടിക്കൊണ്ടുപോകുകയും അതിനുശേഷം നിർവഹണഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലം പകുതി പ്രോജക്ടുകളും പൂർത്തീകരിക്കാനാവാതെ ഫണ്ട് നഷ്ടപ്പെട്ടതും പദ്ധതിനിർവഹണത്തിലെ വലിയ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

4. എട്ട് പ്രോജക്ടുകൾ പൂർത്തിയായതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ സൈറ്റുകൾ

തിരികെ കൈമാറി , നിർമിക്കപ്പെട്ട ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/22-11-2023) സെക്രട്ടറി വിശദമായ മറുപടി ലഭ്യമാക്കി. പ്രസ്തുത പ്രോജക്ടുകൾ നിക്ഷേപ പ്രവൃത്തികളായല്ല നടപ്പാക്കിയതെന്നും അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുണ്ടെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ കൈമാറുന്ന സന്ദർഭത്തിൽ ഇക്കാര്യത്തിലുള്ള വിയോജിപ്പ് സെക്രട്ടറി ഭരണസമിതി യോഗത്തിൽ അറിയിച്ചിരുന്നതായും എന്നാൽ ഭരണസമിതിയുടെ നിർബന്ധവും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശവും പരിഗണിച്ചാണ് പ്രോജക്ടുകൾ നിർവഹണ ഏജൻസിക്ക് കൈമാറിയതെന്നും മറുപടിയിൽ പരാമർശമുണ്ട്. സ്ഥാപനത്തെ തെരഞ്ഞെടുത്തതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചുവെന്നും ഇതുമൂലം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മോണിട്ടറിംഗ് സമിതി തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതിനാൽ ധനനഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്ന പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും നിർവഹണ ഏജൻസിയുടെ ഭാഗത്തുനിന്നും പ്രോജക്ട് നടത്തിപ്പിൽ അലംഭാവം വന്നതുമൂലം തൻവർഷം വകയിരുത്തിയ അരക്കോടിയോളം രൂപ വിനിയോഗിക്കാൻ കഴിയാതെ പോയതും ഏൽപ്പിച്ച പ്രോജക്ടുകളിൽ പാതിയും പൂർത്തീകരിക്കാൻ ശേഷിക്കുന്നതും പ്രത്യേകം കാണേണ്ട വസ്തുതയാണ്.

പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ സംഭവിച്ച വീഴ്ചകൾ വിലയിരുത്തി പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി എന്നിവരുടെ സവിശേഷശ്രദ്ധ ഈവിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-13 എസ്.സി.കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ

പ്രൊജക്ട് നമ്പർ.	99/2023
പ്രൊജക്ടിന്റെ പേര്	എസ്.സി.കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ /ചെലവ്	₹.61,50,000/-₹.11,67,458/-
ബിൽ നം.	1. 440/24-03-2023-6,20,217. 2.441/24-03-2023 - 5,47,241.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച എസ്.സി.കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ടിന്റെ നിർവഹണ ചുമതല കെൽട്രോണിനെ ടെണ്ടർ മുഖേന ഏൽപ്പിക്കുകയും 21-03-2023

ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന് വർക്ക് ഓർഡർ നൽകി (സെക്രട്ടറിയുടെ 22-03-2023 ൽ നം. സി/99/2022 നമ്പർ കത്ത്) ആകെ അടങ്കലിന്റെ 20% ആയ 11,67,458/-രൂപ കെൽട്രോണിന് മുൻകൂർ ആയി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ വകുപ്പിന്റെ 30-04-2015-ലെ ജി.ഒ.(പി) 1288/2015 നമ്പർ ഉത്തരവ് അനുസരിച്ച്, 5 ലക്ഷത്തിന് മുകളിൽ അടങ്കൽ വരുന്ന പ്രവൃത്തികൾ ഇ ടെണ്ടർ മുഖേനയാണ് നടപ്പാക്കേണ്ടത്.എന്നാൽ 61,50,00/-രൂപ അടങ്കൽ തുക ഉള്ള ഈ പ്രവൃത്തിക്ക് ലിമിറ്റഡ് ടെണ്ടർ രീതിയാണ് സ്വീകരിച്ചത്(നമ്പർ സി/99/2023 24-02-2023) . ആയത് നിലവിലുള്ള ഉത്തരവുകളുടേയും മാർഗ്ഗരേഖയുടേയും ലംഘനം ആണ്.

2. കരാറുകാർ മുഖേനയുള്ള പ്രോജക്ട് നിർവഹണത്തിൽ, അതുവരെ പൂർത്തീകരിച്ച അളവുകൾ/ പ്രവൃത്തി മൂല്യം കണക്കാക്കിയാണ് പ്രതിഫലം/പാർട് ബിൽ അനുവദിക്കേണ്ടത്. എന്നാൽ അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തിയുടെ മാതൃകയിൽ കരാർ ചമച്ചയുടൻ അടങ്കൽ തുകയുടെ 20% കൈമാറി നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. മുൻകൂർ തുക കൈപ്പറ്റിയ കരാർ ഏജൻസി ഓഡിറ്റ് തീയതിവരെ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ലായെന്ന വസ്തുത പ്രത്യേകം കാണേണ്ടതാണ്.

3. ടെണ്ടർ നോട്ടീസ് പ്രകാരം സോളാർ കം ഹൈബ്രിഡ് മിനിമാസ്റ്റ് ലൈറ്റ് (19) സ്ഥാപിക്കാനാണ് ടെണ്ടർ ക്ഷണിച്ചത്. ആയതിന്റെ സ്പെസിഫിക്കേഷനിൽ 5 വർഷം വാറന്റി എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ 21-03-2023 ന് കെൽട്രോണും ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഏർപ്പെട്ട കരാറിൽ 3 വർഷ വാറണ്ടി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടെണ്ടറിൽ പങ്കെടുത്ത SILK എന്ന സ്ഥാപനം 5 വർഷ വാറണ്ടിയാണ് വാഗ്ദാനം ചെയ്തിരുന്നതെങ്കിലും അത് പരിഗണിക്കപ്പെട്ടില്ല. ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ അനുസരിച്ചല്ലാതെ സമർപ്പിക്കപ്പെട്ട ദർഘാസ് അംഗീകരിച്ചത് ടെണ്ടർ നിബന്ധനകളുടെ ലംഘനമാണ്.

4. 21-03-2023-ൽ ഒപ്പിട്ട കരാർ അനുസരിച്ച്, 90 ദിവസത്തിനുള്ളിൽ സാധനങ്ങൾ ഡെലിവറി നടത്തേണ്ടതാണ്. എന്നാൽ 8 മാസം കഴിഞ്ഞിട്ടും വിളക്കു സ്ഥാപിക്കുന്നതിനായി യാതൊരുവിധ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ലാത്തതാണ്.

5. കരാറിൽ സോളാർ കം ഹൈബ്രിഡ് മിനിമാസ്റ്റ് ലൈറ്റ് 19 എണ്ണം സ്ഥാപിക്കുന്നതിനാണ് സമ്മതിച്ചിട്ടുള്ളത്. ഹൈബ്രിഡ് ലൈറ്റിന്റെ പ്രവർത്തനത്തിന് വൈദ്യുതി കണക്ഷൻ ആവശ്യമാണ്. ഇതിന് വേണ്ടി കെ.എസ്.ഇ.ബി.യുമായി കണക്ഷൻ ലഭിക്കുന്നത് സംബന്ധിച്ച് നടത്തിയ കൂടിയാലോചന/കരാർ സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഇല്ല.

6. ദർഘാസിൽ പങ്കെടുത്ത KEL എന്ന സ്ഥാപനം ടെൻഡർ അംഗീകാരവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിനെ ഒന്നാം എതിർകക്ഷിയാക്കി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനിൽ പരാതി നൽകിയിട്ടുണ്ട്. കേസ് സംബന്ധിച്ച് സ്റ്റേ ഒന്നും നിലവിലില്ലാത്തതാണ്. കേസ് സംബന്ധിച്ച കാര്യ വിവര പത്രിക സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. ഓംബുഡ്സ്മാനിൽനിന്ന് നിരോധന ഉത്തരവുകളൊന്നും ലഭിക്കാത്ത സാഹചര്യത്തിലും ഭീമമായ തുക മുൻകൂർ നൽകിയ പ്രോജക്ട് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകാത്ത നടപടി അംഗീകരിക്കാവുന്നതല്ല.

7. 2022 ജൂൺ അവസാനവാരം നിർവഹണാനുമതി ലഭിച്ച വാർഷിക പദ്ധതിയിലുൾപ്പെട്ട 60 ലക്ഷത്തിലധികം അടങ്കലുള്ള പ്രോജക്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിലേക്ക് എത്തിച്ച് തൻവർഷം വിനിയോഗിക്കേണ്ട ഏതാണ്ട് അരക്കോടിയോളം രൂപ പാഴാക്കിയ നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്.

മേൽപരാമർശിത അപാകതകളുടെ വെളിച്ചത്തിൽ, ചെലവ് തുകയായ ₹.11,67,458/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/22-11-2023) സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രോജക്ട് 2022-23-ൽ നടപ്പാക്കാൻ കഴിയാതിരുന്നതിനാൽ നടപ്പു സാമ്പത്തികവർഷം സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുണ്ടെന്നും സൈറ്റുകൾ കൈമാറിയിട്ടുണ്ടെന്നും അക്രെഡിറ്റഡ് ഏജൻസികൾ തമ്മിൽ ബഹു.ഓാംബുഡ്സ്മാനിൽ നിലനിൽക്കുന്ന കേസിൽ തീർപ്പുണ്ടാകുന്നതുവരെ പ്രോജക്ട് നിർവഹണത്തിൽ തത്സ്ഥിതി തുടരേണ്ടി വരുമെന്ന് ഏജൻസി അറിയിച്ചതായും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഗണ്യമായ ധനനഷ്ടത്തിന് (തുക യഥാസമയം വിനിയോഗിക്കാൻ കഴിയാത്തതു മൂലം തുടർന്നുള്ള വർഷം വീണ്ടും വകയിരുത്തേണ്ടി വരുന്നതുമൂലമുള്ള നഷ്ടം) ഇടയാക്കുന്ന രീതിയിൽ പ്രോജക്ട്

പ്രവർത്തനങ്ങൾ നീട്ടിക്കൊണ്ടു പോയ നടപടിക്ക് വിശദീകരണം നൽകേണ്ടതും, വസ്തുതകൾ ബഹു.ഓംബുഡ്സ്മാന്റെ മുൻപാകെ അവതരിപ്പിച്ച് അനുകൂല തീരുമാനം നേടി പ്രോജക്ട് നിർവഹണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-14 ടേക്ക് എ ബ്രേക്ക് പ്രോജക്ട്-മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് നിർമാണം നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനിയർ, LID & EW
പ്രോജക്ട് നമ്പർ /പേര്	45/22-23,ഇറച്ചിപ്പാറ-അച്ചാരംപാറ ടേക്ക് എ ബ്രേക്ക് കാന്തല്ലൂർ
അടങ്കൽ	₹ 700000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)
കരാറുകാരൻ	ഏദൻസ് കൺസ്ട്രക്ഷൻസ്
കരാർ നം.	58/AEE/LSGD/DKLM/21-22 തീ.31.12.2021
ചെക്ക്.നം/തിയതി/തുക	₹666551/-
എം. ബുക്ക് നം.	203/22-23

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 2021-22 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി സ.ഉ.(സാധാ)നം.1401/2020/ ത.സ്വ.ഭ.വ തീയതി 27.07.20 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ മാർഗ്ഗ നിർദ്ദേശങ്ങൾ തമസ്കരിക്കുന്ന രീതിയിലാണ് പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്.

1. ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ, സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ സംസ്ഥാന/ദേശീയപാതയോരത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം പാലിക്കാതെയാണ് പുതിയ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിച്ചിരിക്കുന്നത്.

2. നിലവിൽ ശുചിമുറികൾ ഇല്ലാത്ത നിശ്ചിത സ്ഥലങ്ങളിൽ മാത്രം പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണെന്ന (സംസ്ഥാന/ദേശീയപാതയോരങ്ങൾക്ക് മുൻഗണന) നിർദ്ദേശം പാലിച്ചിട്ടില്ല.

3. പുതിയ ശുചിമുറി സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തൽ പ്രക്രിയയിൽ സംസ്ഥാന/ദേശീയപാതകളുടെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്കൂളുകളുടെയോ പൊതു സ്ഥാപനങ്ങളുടെയോ സ്ഥലത്തിന് മുൻഗണന നൽകി ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം പാലിക്കാതെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും യാതൊരുവിധത്തിലും പ്രയോജനപ്പെടാത്ത സ്ഥലത്താണ് ശുചിമുറി സമുച്ചയം പണികഴിപ്പിച്ചിരിക്കുന്നത്.

4. 3.8.2020-ൽ പദ്ധതിയുടെ നടപടിക്രമങ്ങൾ ആരംഭിച്ച് 30.11.2020 ൽ പൂർത്തികരിക്കണമെന്ന നിർദ്ദേശം പാലിക്കാതെ 22.11.2023-ലും (2022-23 ഓഡിറ്റ് സമയത്തും) പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല.

ടേക്ക് എ ബ്രേക്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പൊതുജനങ്ങൾക്കും സ്ത്രീകൾ ഉൾപ്പടെയുള്ള യാത്രക്കാർക്കും യാതൊരുവിധത്തിലും പ്രയോജനപ്പെടാത്ത സ്ഥലത്ത് ശുചിമുറി സമുച്ചയം നിർമിക്കാൻ വിനിയോഗിച്ച തുക പാഴ് ചെലവായി പരിണമിച്ചു. മേൽ പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/ 23.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ മുൻനിർത്തി ചെലവു തുക ₹.6,66,551/- ഓഡിറ്റിൽ നടസ്സപ്പെടുത്തുന്നു.

1-15 ഉയർന്ന നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവഹിക്കാത്ത ഇനം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ടു പ്രോജക്ടുകൾക്ക് അനുയോജ്യമായ സ്പെസിഫിക്കേഷനുകൾ തെരഞ്ഞെടുക്കാതിരുന്നതുമൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) മറയൂർ സി.എച്ച്.സി കടിവെള്ളക്കിണർ നവീകരണ പ്രവർത്തനങ്ങൾ

കുടിവെള്ള കിണറിന് മുകളിൽ മെഷ് സ്ഥാപിക്കുന്ന ഇനം പ്രസ്തുത പ്രോജക്റ്റിലൂടെ നിർവഹിച്ചതിന് 50.10.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചത്.(Steel Work In Built Up G I Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting,fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete). എന്നാൽ ഇത് ട്രസ്സ് വർക്കിന് നൽകുന്ന സ്പെസിഫിക്കേഷനാണ്.

കിണറിന് മെഷ് ഉപയോഗിച്ച് മൂടി സ്ഥാപിക്കുന്നതിന് നൽകാവുന്നത് 50.10.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള സിംഗിൾ സെക്ഷൻ നിരക്കാണ്. (Steel Work For Purlin/single Section With G I Pipes Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete). സൈറ്റിന് അനുയോജ്യമായ സ്പെസിഫിക്കേഷനു പകരം ഉയർന്ന നിരക്കുള്ളവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

	അനുവദിച്ച തുക (DAR Code 50.10.1 പ്രകാരം)	അനുവദിക്കാവുന്ന തുക(DAR Code 50.10.2 പ്രകാരം)	അധികം നൽകിയത്
മറയൂർ സി.എച്ച്.സി കുടിവെള്ള നവീകരണ പ്രവർത്തനങ്ങൾ 71/2023 അടങ്കൽ₹.6,81,000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം കരാർ -1 49/AE/LSGD/DKM/22-23 /30.3.2023 ബിൽ റഫറൻസ് നം.22100 363010201033568/ 12.1.2023 ₹.6,50,340/- അളവ് പുസ്തകം -122/22-23 കരാറുകാരൻ - ഇ.ബി.പ്രസന്നൻ	23963.72 (122.37 Kg X 195.83/kg	19223.10 (122.37 Kg X 157.09/kg	5593.93 (4740.62+ 18% GST-853.31)

പ്രവൃത്തിയിൽ ആകെ 5593.93രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

<u>ബി) ദേവികുളം സി.എച്ച്.സി ക്ക് ലാബ് കെട്ടിട നവീകരണം</u>

പർലിൻ നിർമിക്കുന്ന പ്രവൃത്തിക്ക് 50.10.1 സ്പെസിഫിക്കേഷനാണ് അനുവദിച്ചത്. യഥാർത്ഥത്തിൽ 50.10.2 ആണ് അനുവദിക്കേണ്ടിയിരുന്നത്. പ്രവൃത്തിയിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവ്- 848.30.കിലോ ഗ്രാം പർലിന്റെ ആവശ്യത്തിനായി ഉപയോഗിച്ച സ്റ്റീലിന്റെ അളവ്- 207.845.കിലോ ഗ്രാം. ഇതിനായി അനുവദിക്കാവുന്ന തുക(DAR Code 50.10.2 പ്രകാരം) ₹157.09/kg ആണ്.

	അനുവദിച്ച തുക (DAR Code 50.10.1 പ്രകാരം)	അനുവദിക്കാവുന്ന തുക(DAR Code 50.10.2 പ്രകാരം)	അധികം നൽകിയത്
പ്രോജക്റ്റ് നമ്പർ- S0160/23 ദേവികുളം സി.എച്ച്.സി ക്ക് ലാബ് കെട്ടിട	37412.10 (207.845 Kg	32650.37 (207.845 Kg	5619 (4761.73+ 18%

നവീകരണവും പബ്ളിക്ക് ഹെൽത്ത് ബിൽഡിംഗ് നവീകരണവും 116/2023 അടങ്കൽ ₹500000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം കരാർ -1 49/AE/LSGD/DKM/22-23 /30.3.2022 ബിൽ റഫറൻസ് നം.2110036301020137O924/ 18.3.2023 ₹.4,58,694/- അളവ് പുസ്തകം -106/21-22 കരാറുകാരൻ - ജേക്കബ് ആന്റണി	X180/kg	X157.09/kg	GST-857.11)

അനുയോജ്യമായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച വന്നതുമൂലം തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/23.11.2023)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അത് ഉത്തരവാദികളായ അസി.എൻജിനിയർ, അസി. എക്സി. എൻജിനിയർ എന്നിവരിൽനിന്ന് തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ഐറിഷ് ഓടനിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain നിർമിക്കുന്നതിന് 2018ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@3m C/c) As Required Including Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc. Complete As Per Specification).

ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. യഥാർത്ഥത്തിൽ Irish Drain ചെയ്യുന്നതിന് Centering And Shuttering ഉൾപ്പെടുത്താത്ത MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1.A പ്രകാരമുള്ള നിരക്കാണ് Irish Drain ന് അനുവദിക്കേണ്ടിയിരുന്നത്.

നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു .

	2018ലെ Price നിരക്ക് (75.8.1.1.A)
അടിസ്ഥാന നിരക്ക്	4862.53
10% OH	486.25
ആകെ	5348.78
10% CP	534.88
ആകെ	5883.66
കോസ്റ്റ് ഇൻഡക്സ്	2343.46 (39.83%)
ആകെ നൽകാവുന്ന നിരക്ക്	8227.12

പ്രവൃത്തി	എം. ബുക്ക് പ്രകാരമുള്ള അളവ്	നൽകാവുന്ന നിരക്ക് ₹	നൽകിയ നിരക്ക് ₹	അധികം നൽകിയ തുക ₹ (GST 12%

	എം3			ഉൾപ്പെടെ)
ആനയിറങ്കൽ-പന്നിയാർ എസ്.സി.കോളനി റോഡ് 151/22-23 കോൺട്രാക്ടർ – ബേസിൽ ഐപ്പ് എം. ബുക്ക് നം. E MBook ബിൽ റഫറൻസ് നം.221003630102015224448/ തീ. 28.3.2023 തുക – ₹983672/- അടങ്കൽ ₹1000000/- DF/SCP (2018 – Price നിരക്ക്)	31.680 E MBook	8227.12	8565	337.88 31.680 M3@₹337.88 = ₹10704.03 (+)18%GST =1926.72 ₹12631/

₹12,631/- അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(13/23.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഉത്തരവാദികളായ അസി.എൻജിനിയർ, അസി.എക്സി.എൻജിനിയർ എന്നിവരിൽനിന്ന് തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്ന് പിഴ ഈടാക്കിയില്ല

കേരള പൊതു മരാമത്ത് മാന്വലിലെ (1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരം പുതുക്കിയത്) സെക്ഷൻ 2005, 2112 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പക്ഷം കരാർ കാലാവധി അവസാനിക്കുന്നതിനു മുൻപ് അത് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ AE മുഖേന സമർപ്പിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് യഥാർത്ഥ പൂർത്തീകരണ സമയപരിധിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട സാഹചര്യത്തിൽ, നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്നതാണ് വ്യവസ്ഥ.

എന്നാൽ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാതിരുന്ന ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ പ്രസ്തുത നടപടിക്രമം പാലിച്ചിട്ടില്ല. തക്കതായ കാരണങ്ങളില്ലാതെയും രേഖാമൂലം അപേക്ഷ സമർപ്പിക്കാതെയും പ്രവൃത്തി പൂർത്തീകരിച്ച കരാറുകാരിൽനിന്ന് പിഴ ഈടാക്കാതിരുന്നതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം	പ്രവൃത്തിയുടെ വിവരം	പൂർത്തീകരിക്കേണ്ട തിയ്യതി	പൂർത്തീകരിച്ച തിയ്യതി	ഈടാക്കേണ്ട പിഴ ₹
1	സിങ്കുകണ്ടം വനിതാ ഉൽപ്പാദന കേന്ദ്രം (76/23) അടങ്കൽ-2000000 കരാറുകാരൻ. ശ്രീ. വിൽസൻ തോമസ് പി.എ.സി-1455766 എഗ്രിമെന്റ് നം81/AE/LSGD/DKM/21-22/3.3.2022 ബിൽ നം. 221003630102004181132/16.8.22, 831937രൂപ ബിൽ നം. 221003630102010335564/12.1.2023 275065രൂപ പൂർത്തീകരണ കാലയളവ്- 3 മാസം സൈറ്റ് ഏറ്റെടുത്തത് -3.3.2022 എം.ബുക്ക് നമ്പർ--526/21-22	26.6.2022 25% ഗ്രേസ് പീരിയഡ് കുറച്ചത്	28.3.23	[le, 26.6.2022 To 25.9.22 (1%PAC)= 14558 26.9.22 To 25.12.2022 (2% PAC)= 29116/- 26.12.22 To 25.3.2023 (2% PAC)= 29116/-

	Duration- 3 Months (As Per TS Slip)			
	ആകെ			72790

കരാർ കാലയളവിൽ പൂർത്തീകരിക്കാതിരുന്ന മേൽ പ്രവൃത്തികളുടെ കരാറുകാരിൽനിന്ന് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/തീ. 23.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി.എൻജിനിയറിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 PMAY-ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗൃഹനിർമാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു

2022-23 വർഷം വിവിധ വിഭാഗങ്ങൾക്ക് ഭവന പദ്ധതിക്കായി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്റ്റ് നമ്പർ/പേര്	അടങ്കൽ തുക	ചെലവ് തുക
1	എസ്95/23 പി.എം.എ.വൈ വിഹിതം (എസ്.സി.പി.)	7180000	6396000
2	എസ്94/23- പി.എം.എ.വൈ വിഹിതം-(ജനറൽ)	10384000	10384000
3	എസ് 96/23 പി.എം.എ.വൈ വിഹിതം-(ടി.എസ്.പി)	7600000	7575000
4	പി.എം.എ.വൈ ഭവന പദ്ധതിക്കും ലൈഫ് ഭവന പദ്ധതിക്കും വിഹിതം നൽകൽ	5000000	5000000
		30164000	29355000

പൂർത്തിയായ വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കരാറിൽ ഏർപ്പെട്ടത്	31-03-2023 വരെ പൂർത്തിയായത്	21-11-2023 വരെ പൂർത്തി യായത്	നിലവിൽ നിർമ്മാണം നടക്കുന്നത്	ഇതുവരെ നിർമ്മാണം തുടങ്ങാത്തത്
219	49	168	43	8

2021-22 വർഷം കരാർ വച്ച 219 വീടുകളിൽ ഓഡിറ്റ് തീയതി വരെ (21-11-23) 168 എണ്ണം പൂർത്തിയാക്കുകയും 43 എണ്ണത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡുക്കൾ കൈപ്പറ്റി നാളിതു വരെ നിർമ്മാണം തുടങ്ങാത്ത 8 ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്,വിലാസം	ഗ്രാമ പഞ്ചായത്ത്	കരാർ തീയതി	നൽകിയ തുക/ തീയതി

1	ഗണപതി മന്നാൻ, ചെറുവാട്, മറയൂർ പി.ഒ.	മറയൂർ	06-04-2022	48000/ 28-05-2022
2	രാജൻ ആശീർവാദം, മേലാടി, മറയൂർ പി.ഒ.	,,	08-04-2022	48000/- 28-05-2022
3	മിനിമോൾ പ്രസന്നൻ, കോഴിമല, മറയൂർ പി.ഒ.	,,	02-03-2022	48000/- 23-03-2022
4	മനോജ് കുമാർ, കോവിലൂർ, വട്ടവട പി.ഒ.	വട്ടവട	11-02-2022	48000/- 23-03-2022
5	ഗണേശൻ.വി., ചിലന്തിയാർ, വട്ടവട പി.ഒ.	,,	17-02-2022	48000/- 23-03-2022
6	അന്നമ്മ ടി, ഉലകൻ വീട്, വട്ടവട പി.ഒ.	,,	25-02-2022	48000/- 23-03-2022
7	വിജയലക്ഷ്മി,W/O സൗന്ദർരാജ്, സെവൻമല എസ്റ്റേറ്റ്, ഓൾഡ് മൂന്നാർ ഡിവിഷൻ,	മൂന്നാർ	26-03-2022	48000/- 28-03-2022
8	അനന്തയ്യ,S/O രാജാമണി, ലക്കം ന്യൂ ഡിവിഷൻ, വാഗുവരൈ എസ്റ്റേറ്റ് മൂന്നാർ പി.ഒ.	ഇടമലക്കുടി	02-03-2022	48000/- 23-03-2022
	ആകെ			384000

കരാറിൽ ഏർപ്പെട്ട 219-ൽ 168 എണ്ണം പൂർത്തിയാക്കിയതും, 43 എണ്ണം നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നതും പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമമായ ഇടപെടലായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതുവരെ നിർമ്മാണം ആരംഭിക്കാത്തവർക്ക് ആവശ്യമായ ബോധവത്ക്കരണത്തിലൂടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും അത് സാദ്ധ്യമല്ലാത്തപക്ഷം കരാർ നിബന്ധനകൾ പ്രകാരം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-19 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷം ആവിഷ്കരിച്ച താഴെ പറയുന്ന രണ്ട് കുടിവെള്ള പദ്ധതികൾ തുടങ്ങിയിട്ടില്ല.

ക്രമ നം.	പ്രോജക്ട്/പ്രോജക്ട് നമ്പർ	അടങ്കൽ തുക	തൻ വർഷം വരെ ചെയ്ത പ്രവൃത്തി
1	കുട്ടിയാർവാലി കുടിവെള്ള പദ്ധതി 270/22-23	₹ 1016600/-	പ്രവൃത്തി തുടങ്ങിയിട്ടില്ല
2	കോവിൽകടവ് കുടിവെള്ള പദ്ധതി 35/22-23	₹1440200/-	പ്രവൃത്തി തുടങ്ങിയിട്ടില്ല

2023 -24 വർഷത്തിൽ ഈ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

1-20 ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചില്ല.

വിവിധ മരാമത്ത് പ്രവൃത്തികൾ ഈ ടെണ്ടർ നടത്തിയ വകയിൽ 2022-23 വർഷം ടെണ്ടർ ഫീയായി ലഭിച്ച ₹.1,32,246/-ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. മുൻ വർഷങ്ങളിൽ ഈയിനത്തിൽ ലഭിക്കാനുള്ള തുകകളുടെ വിവരം സ്ഥാപനത്തിൽ ലഭ്യമല്ല. ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് ലഭി ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഉയർന്ന നിരക്കുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും യഥാർത്ഥത്തിൽ നിർവഹിക്കാത്ത ഇനം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ടു പ്രോജക്ടുകൾക്ക് അനുയോജ്യമായ സ്പെസിഫിക്കേഷനുകൾ തെരഞ്ഞെടുക്കാതിരുന്നതുമൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) മറയൂർ സി.എച്ച്.സി കുടിവെള്ളക്കിണർ നവീകരണ പ്രവർത്തനങ്ങൾ

കുടിവെള്ള കിണറിന് മുകളിൽ മെഷ് സ്ഥാപിക്കുന്ന ഇനം പ്രസ്തുത പ്രോജക്ടിലൂടെ നിർവഹിച്ചതിന് 50.10.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചത്.(Steel Work In Built Up G I Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting,fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete). എന്നാൽ ഇത് ട്രസ്സ് വർക്കിന് നൽകുന്ന സ്പെസിഫിക്കേഷനാണ്.

കിണറിന് മെഷ് ഉപയോഗിച്ച് മൂടി സ്ഥാപിക്കുന്നതിന് നൽകാവുന്നത് 50.10.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള സിംഗിൾ സെക്ഷൻ നിരക്കാണ്. (Steel Work For Purlin/single Section With G I Pipes

Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete). സൈറ്റിന് അനുയോജ്യമായ സ്പെസിഫിക്കേഷന പകരം ഉയർന്ന നിരക്കുള്ളവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

	അനുവദിച്ച തുക (DAR Code 50.10.1 പ്രകാരം)	അനുവദിക്കാവുന്ന തുക(DAR Code 50.10.2 പ്രകാരം)	അധികം നൽകിയത്
മറയൂർ സി.എച്ച്.സി കുടിവെള്ള നവീകരണ പ്രവർത്തനങ്ങൾ 71/2023 അടങ്കൽ₹ 681000/-- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം കരാർ -1 49/AE/LSGD /DKM/22-23/30.3.2023 ബിൽ റഫറൻസ് നം.22100 363010201033568/ 12.1.2023 ₹650340/- അളവ് പുസ്തകം -122/22-23 കരാറുകാരൻ - ഇ.ബി.പ്രസന്നൻ	23963.72 (122.37 Kg X 195.83/kg	19223.10 (122.37 Kg X 157.09/kg	5593.93 (4740.62+ 18% GST-853.31)

പ്രവൃത്തിയിൽ ആകെ 5593.93രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

<u>ബി) ദേവികുളം സി.എച്ച്.സി ക്ക് ലാബ് കെട്ടിട നവീകരണം</u>

പർലിൻ നിർമിക്കുന്ന പ്രവൃത്തിക്ക് 50.10.1 സ്പെസിഫിക്കേഷനാണ് അനുവദിച്ചത്. യഥാർത്ഥത്തിൽ 50.10.2 ആണ് അനുവദിക്കേണ്ടിയിരുന്നത്. പ്രവൃത്തിയിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവ്- 848.30.കിലോ ഗ്രാം പർലിന്റെ ആവശ്യത്തിനായി ഉപയോഗിച്ച സ്റ്റീലിന്റെ അളവ്- 207.845.കിലോ ഗ്രാം. ഇതിനായി അനുവദിക്കാവുന്ന തുക(DAR Code 50.10.2 പ്രകാരം) ₹157.09/kg ആണ്.

	അനുവദിച്ച തുക (DAR Code 50.10.1 പ്രകാരം)	അനുവദിക്കാവുന്ന തുക(DAR Code 50.10.2 പ്രകാരം)	അധികം നൽകിയത്
പ്രോജക്ക് നമ്പർ- S0160/23 ദേവികുളം സി.എച്ച്.സി ക്ക് ലാബ് കെട്ടിട നവീകരണവും പബ്ളിക്ക് ഹെൽത്ത് ബിൽഡിംഗ് നവീകരണവും 116/2023 അടങ്കൽ ₹500000/- മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം കരാർ -1 49/AE/LSGD/DKM/22-23 /30.3.2022 ബിൽ റഫറൻസ്	37412.10 (207.845 Kg X180/kg	32650.37 (207.845 Kg X157.09/kg	5619 (4761.73+ 18% GST-857.11)

നം.21100363010201370924/ 18.3.2023 ₹458694/- അളവ് പുസ്തകം -106/21-22 കരാറുകാരൻ - ജേക്കബ് ആന്റണി			

അനുയോജ്യമായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച വന്നതുമൂലം തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/23.11.2023)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അത് ഉത്തരവാദികളായ അസി.എൻജിനിയർ, അസി. എക്സി. എൻജിനിയർ എന്നിവരിൽനിന്ന് തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 ഐറിഷ് ഓടനിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain നിർമിക്കുന്നതിന് 2018ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@3m C/c) As Required Including Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc. Complete As Per Specification).

ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. യഥാർത്ഥത്തിൽ Irish Drain ചെയ്യുന്നതിന് Centering And Shuttering ഉൾപ്പെടുത്താത്ത MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1.A പ്രകാരമുള്ള നിരക്കാണ് Irish Drain ന് അനുവദിക്കേണ്ടിയിരുന്നത്.

നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു .

	2018ലെ Price നിരക്ക് (75.8.1.1.A)
അടിസ്ഥാന നിരക്ക്	4862.53
10% OH	486.25
ആകെ	5348.78
10% CP	534.88
ആകെ	5883.66
കോസ്റ്റ് ഇൻഡക്സ്	2343.46 (39.83%)
ആകെ നൽകാവുന്ന നിരക്ക്	8227.12

പ്രവൃത്തി	എം. ബുക്ക് പ്രകാരമുള്ള അളവ് എം3	നൽകാവുന്ന നിരക്ക് ₹	നൽകിയ നിരക്ക് ₹	അധികം നൽകിയ തുക ₹ (GST 12% ഉൾപ്പെടെ)
ആനയിറങ്കൽ-പന്നിയാർ എസ്.സി.കോളനി റോഡ് 151/22-23 കോൺട്രാക്ടർ - ബേസിൽ ഐപ്പ് എം. ബുക്ക് നം. E MBook	31.680 E MBook	8227.12	8565	337.88 31.680 M3@₹337.88 = ₹10704.03 (+)18%GST =1926.72 ₹12631/

ബിൽ റഫറൻസ് നം.22100363010201522448/ തീ. 28.3.2023 തുക – ₹983672/- അടങ്കൽ ₹1000000/- DF/SCP (2018 – Price നിരക്ക്)				

₹12,631/- അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(13/23.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഉത്തരവാദികളായ അസി.എൻജിനിയർ, അസി.എക്സി.എൻജിനിയർ എന്നിവരിൽനിന്ന് തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷത്തെ സംയുക്ത പദ്ധതികളുടെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നമ്പർ, പേര്	തുക നൽകിയ സ്ഥാപനം		ചെലവ് ₹		ബാലൻസ് ₹
	ഇടുക്കി ജില്ലാ പഞ്ചായത്ത്	വിവിധ ഗ്രാമ പഞ്ചായത്തുകൾ	ഇടുക്കി ജില്ലാ പഞ്ചായത്ത് വിഹിതം	വിവിധഗ്രാമ പഞ്ചായത്തുകൾ	
S094/23 PMAY (GEN)	1144000	974000	1144000	974000	00
S095/23 PMAY (SCP)	590000	440000	590000	440000	00
S096/23 PMAY (TSP)	1672000	1410000	1672000	1410000	00

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ക്രമ നം	പ്രോജക്ട് നം	പ്രോജക്ട് പേര്	അടങ്കൽ തുക /ചെലവ് തുക	ബിൽ നം.	അഭിപ്രായക്കുറിപ്പുകൾ
നിർവഹണ ഏജൻസി : നിർമ്മിതി കേന്ദ്രം ഇടുക്കി					
1	136/23 സൂര്യനെല്ലി സെൻട്രൽ ഡിവിഷൻ പാലം -ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത്		448723	289/21-02-23 -190000 481/27-03-23 - 258723	ഓഡിറ്റ് വർഷം പൂർത്തിയാക്കിയില്ല
2	158/23 നയമക്കാട് കാന്റീൻ മുൻവശം റോഡ് -		529170	1.256/07-02-23- 120000 2. 394/20-03-23-409170	നിർമ്മാണം പൂർത്തിയാക്കി
3	174/23		949776	1.257/23-190000	നിർമ്മാണം

	കാന്തല്ലൂർ ഗുഹനാഥപുരം റോഡ്		2.522/31-03-03-23-759776	പൂർത്തിയാക്കി
4	142/23 മുനിയാണ്ടി കോവിൽ മുതൽ ഹോസ്പിറ്റൽ വരെ റോഡ്.	700000	1. 261/07-02-23-240000 2. 465/27-03-23-460000	നിർമ്മാണം പൂർത്തിയാക്കിയില്ല
5	140/23 കന്നിമല മുതൽ കന്നിമല ടോപ്പ് ഡിവിഷൻ വരെ റോഡ്	599997	1.255/06-02-23-120000 2.391/20-03-23-479997	നിർമ്മാണം പൂർത്തിയാക്കി
6	119/23 തെന്മല ലോവർ മസ്റ്റർ മുതൽ ഫീൽഡ് ഓഫീസർ വീട് വരെ	1850000	1. 260/07-02-23-270000 2. 396/20-03-23-580000	നിർമ്മാണം പൂർത്തിയാക്കി
7	139/23 കടലാർ ആശുപത്രി മുതൽ ഈസ്റ്റ് ഡിവിഷൻ റോഡ് വരെ കോൺക്രീറ്റിംഗ്	950000/949996	1.254/06-02-23-190000 2.393/20-03-23-759996	നിർമ്മാണം പൂർത്തിയാക്കി
8	141/23 അരുവിക്കാട് മുനിയാണ്ടി വീട് മുതൽ ഹോസ്പിറ്റൽ വരെ	600000	1.266/07-02-23-120000 2.471/27-03-23 480000	നിർമ്മാണം പൂർത്തിയാക്കി
9	143/23 നല്ലതണ്ണി മുതൽ വെയിറ്റിംഗ് ഷെഡ് വരെ ഡ്രെയിനേജ്	373388	1. 265/07-02-23-128000 2. 468/27-03-2023-245388	നിർമ്മാണം പൂർത്തിയാക്കി
10	185/23 ചോലമല ചെക്ക് ഡാം നിർമ്മാണം	140000	1.263/07-02-23 140000	നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല
11	238/23 മുത്തമ്മചോല അംഗനവാടിക്ക് സമീപം പാർശ്വഭിത്തി സംരക്ഷണം.	130000	1.476/27-03-23 130000	നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല
12	138/23 പെരിയവരെ മുതൽ ചോലമല വരെ റോഡ്	949999	1.268/07-02-23-190000 2. 395/20-3-23-759999	നിർമ്മാണം പൂർത്തിയാക്കി
13	137/23	6577036	1.253/06-02-23-120000	നിർമ്മാണം

	നടുപാറ റോഡ്-ചിന്നക്കനാൽ പഞ്ചായത്ത്		2.420/23-03-23-457036	പൂർത്തിയാക്കി
14	154/23 ചോക്കനാട് പതിനാലുമുറിപാർശ്വഭിത്തി സംരക്ഷണം	1574998	1.264/07-02-23-440000 2.426/23-03-23-591369 3. 478/27-03-23-543629	നിർമ്മാണം പൂർത്തിയായിട്ടില്ല.
15	147/23 സൂര്യനെല്ലി വിലക്കുഭാഗം റോഡ് ഡ്രെയിനേജ്	120000	1.262/07-02-23-120000	നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല
16	146/23 കുറുപ്പൻ പട്ടികജാതി കോളനി ഡ്രെയിനേജ്	130000	1.267/07-02-2023-130000	നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല
17	118/23 വിലക്കുഭാഗം കുടിവെള്ള ടാങ്ക് നിർമ്മാണം	175000	1.258/07-02-23-175000	നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല
	നിർവഹണ ഏജൻസി : KSEB സെക്ഷൻ രാജകുമാരി			
18	201/23 ചിന്നക്കനാൽ 301 കോളനി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി	308231 + 15793	22100363010100806360/ 26.11.2022	നിർമ്മാണം പൂർത്തീകരിച്ചു
	നിർവഹണ ഏജൻസി : PWD ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ			
	201/23 ചിന്നക്കനാൽ 301 കോളനി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി	700700	22100363010100806338/ 29.11.2022	നിർമ്മാണം പൂർത്തീകരിച്ചു
	ആകെചെലവ്	10822807		

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ-വായ്പ തിരിച്ചടവ്

തൻവർഷം ബ്ളോക്ക്പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ തിരിച്ചടവോ ഇല്ല. മുൻവർഷം വായ്പാ ബാധ്യതയായി ധനകാര്യപത്രികയിൽ പരാമർശിച്ചിരുന്ന തുക തന്നെ തൻവർഷവും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത തെളിയിക്കുന്ന രേഖകളോ, പാസ്സ്ബുക്ക് പകർപ്പോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	ലഭിച്ച വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന	തൻവർഷം എടുത്ത വായ്പ/ബാങ്ക് ഈടാക്കിയ	തൻവർഷം തിരിച്ചടച്ച തുക ₹	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള

			തുക ₹	പലിശ ₹	മുതൽ	പലിശ	തുക ₹
ഐ.എ.വൈ	ലഭ്യമല്ല	6504161	50229	00	00	00	50229*

മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ₹.50229/- വായ്പാ ബാധ്യതയുണ്ടെങ്കിലും ധനകാര്യപത്രികപ്രകാരം നീക്കിയിരിപ്പ് ₹49,754/- മാത്രമാണ്. കണക്കുകളിലെ അവ്യക്തത പരിഹരിക്കേണ്ടതും നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിച്ച് തുക യഥാവിധി ക്രമീകരിച്ച് ഋണശീർഷകണക്കുകൾ കൃത്യമാക്കേണ്ടതുമാണ്.

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം
1997-98	32	1999	15(a)	റ്റി.വി, വി.സി.ആർ.എന്നിവ വാങ്ങിയതിലെ ക്രമക്കേട്
1997-98	36	1999	15(b)	സാംസ്കാരിക നിലയ നിർമ്മാണത്തിലെ നിരുത്തരവാദപരമായ നടപടികൾ
2003-04	3-11	2006-07	3-35.1	നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല
2006-07	3-4	2009-10	2-8	നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല
2007-08	3-11	2007-08	2-14	നിക്ഷേപ വേലകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം
2008-09	3-6	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം
2012-13	3-1	2014-15	6-7	ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ വ്യജരേഖ ചമച്ച് പദ്ധതി പണം അപഹരിച്ചു
2012-13	3-2			
2013-14	3-1	2015-16	8-6	പദ്ധതി പ്രവർത്തനത്തിന് പിൻവലിച്ച തുക ദുർവിനിയോഗം ചെയ്തു. ₹8.58 ലക്ഷത്തിന്റെ ക്രമക്കേട്

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹.4,78,12,637
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹.14,85,48,859
ആകെ	₹.19,63,61,496
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹.16,35,55,485
നീക്കിയിരിപ്പ്	₹.3,28,06,011
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	23,846
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹.68,73,125

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക			ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ		
1-15 (3-1)		9503	4752	ശ്രീ. അമിത്. കെ.സുധാകരൻ, അസി.എൻജിനിയർ, LID &EW
			4751	ശ്രീ. എൻ. വി. വിനയദാസ്, അസി.എൻജിനിയർ, LID &EW
1-16 (3-2)		10704	5352	ശ്രീ. അമിത്. കെ.സുധാകരൻ അസി.എൻജിനിയർ, LID &EW
			5352	ശ്രീ. എൻ. വി. വിനയദാസ്, അസി.എൻജിനിയർ, LID &EW

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-9	35,00,000	ശ്രീ. റിനു തോമസ്, ക്ഷീര വികസന ഓഫീസർ
1-10	8,24,864	ഡോ. സാബു വി.എസ്, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി- ദേവികുളം
1-11	7,14,252	ഡോ. ജിത്തു മാത്യു ജേക്കബ്, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി- മറയൂർ
1-13	11,67,458	ശ്രീ.ടോമി ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
1-14	6,66,551	ശ്രീമതി. എം. വൈ. അനീഷ അസി.എൻജിനിയർ, LID &EW

ആകെ	68,73,125	

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	1712	856	ശ്രീ. അമിത്. കെ.സുധാകരൻ അസി.എൻജിനിയർ, LID &EW
		856	ശ്രീ. എൻ. വി. വിനയദാസ്, അസി.എൻജിനിയർ, LID &EW
1-16	1927	964	ശ്രീ. അമിത്. കെ.സുധാകരൻ അസി.എൻജിനിയർ, LID &EW
		963	ശ്രീ. എൻ. വി. വിനയദാസ്, അസി.എൻജിനിയർ, LID &EW

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. റിന്ന തോമസ്, ക്ഷീര വികസന ഓഫീസർ	ക്ഷീര വികസന ഓഫീസർ. തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്.	കേളാക്കൊമ്പിൽ വീട്, മാറിക പി.ഒ., ഇടുക്കി
ഡോ. സാബു വി.എസ്, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി- ദേവികുളം	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ദേവികുളം	S/o സുന്ദരേശൻ, ഗോവിന്ദം, മരിയപുരം പി.ഒ, ചെങ്കൽ(പാർട്ട്), തിരുവനന്തപുരം
ഡോ. ജിത്തു മാത്യു ജേക്കബ്, മെഡിക്കൽ ഓഫീസർ- സി.എച്ച്.സി- മറയൂർ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മറയൂർ	കൊച്ചുപറമ്പിൽ, കോതാനല്ലൂർ, പി.ഒ. കോട്ടയം
ശ്രീ. ടോമി ജോസഫ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	സെക്രട്ടറി ദേവികുളം ബ്ലോക്ക് പഞ്ചായത്ത്	ഇല്ലത്തുപറമ്പിൽ വീട്, പ്ലാശനാൽ പി.ഒ. കോട്ടയം-686579
ശ്രീ അമിത് കെ സുധാകരൻ അസിസ്റ്റന്റ് എഞ്ചിനീയർ	എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കെ.എസ്.ഇ.ബി, മൂന്നാർ	കുറ്റിക്കാട്ടിൽ, ഇരവിനല്ലൂർ പി.ഒ. പുതുപ്പള്ളി, കോട്ടയം-686011
ശ്രീ.എൻ.വി.വിനയദാസ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW	മിത്രം, പള്ളിപ്പടി, വെള്ളൂർ പി.ഒ,

LID & EW	ദേവികുളം ബ്ലോക്ക് പഞ്ചായത്ത്	മേതവള്ളൂർ പി.ഒ. വൈക്കം
ശ്രീമതി. എം. വൈ. അനീഷ അസി. എൻജിനിയർ LID &EW	അസി. എൻജിനിയർ, LID &EW ബൈസൺവാലി ഗ്രാമപഞ്ചായത്ത്	അനിയഞ്ചു വിഹാർ 43 എം.സി. നഗർ കരകുളം പി. ഒ. തിരുവനന്തപുരം – 695564

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ ഓഫീസിൽ നിന്നും അവസാനം പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1997-98	KSA IDK-3/1224/1997-98 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	13	3-24, 3-25, 3-26(3, 4, 5), 3-27 മുതൽ 3-33 വരെയും 3-36, 3-36(എ, എ3, എ4, എ11), 3-37
1998-99	KSA IDK-3/1224/1998-99 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	3-32, 3-33
1999-2000	KSA IDK-3/1224/1999-00 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	3	2-23, 2-24, 2-27
2000-01	KSA IDK-3/1224/2000-01 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	3-2, 3-26
2001-02	KSA IDK-3/1224/2001-02 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	2-5, 2-7
2003-04	KSA IDK-3/1224/2003-04 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	5	3-1, 3-3, 3-5, 3-8, 3-11
2006-07	KSA IDK-3/1224/2006-07 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	3	3-3, 3-4(ഇ), 3-6
2007-08	KSA IDK-3/1224/2007-08 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	5	3-5, 3-6, 3-7, 3-14, 3-16
2009-10	KSA IDK-3/1224/2009-10 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	1	3-6

2010-11, 2011-12	KSA IDK-3/1224/2010-11, 2011-12 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	8	3-1, 3-6, 3-10, 3-11, 3-12, 3-13, 3-14, 3-15
2012-13	KSA IDK-3/1224/2012-13 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	8	2-1(സി), 2-2, 2-4, 3-1, 3-2, 3-3, 3-4(എ, സി), 3-9
2013-14	KSA IDK-3/1224/2013-14 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	4	3-1, 3-2, 3-3, 3-5
2014-15	KSA IDK-3/1224/2014-15 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	2	3-2, 3-4
2015-16	KSA IDK-3/1224/2015-16 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	3	3-7, 3-9, 3-10
2016-17	KSA IDK-3/1224/2016-17 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	4	3-5, 3-7, 3-9, 4-8
2017-18	KSA IDK-3/1224/2017-18 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	4	3-2, 3-5, 3-7, 3-8
2018-19	KSA IDK-3/1224/2018-19 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022	5	1-12, 1-13, 1-16, 1-20, 3-3(1)
2019-20	കെ.എസ്.എ-ഐ.ഡി.കെ-13/338/2022 തിയതി.25.05.2022	14	1-1 മുതൽ 1-14 വരെ
2020-21	കെ.എസ്.എ-ഐ.ഡി.കെ-13/339/22/ തയതി.25.05.2022	14	1-1 മുതൽ 1-14 വരെ
2021-22	KSA-IDK/P9/448/23 / 16/05/2023	19	1-1 മുതൽ 1-19 വരെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 19-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Devikulam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Devikulam Block Panchayat for the year 2022-2023

Date: 20/12/2023

Senior Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Devikulam Block Panchayat for the Year 2022-2023 .

1.Major Observations

1. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.

2. Non- inclusion of notes to accounts in financial statements and non-disclosure of material facts.

2.Other Observations

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) Demand registers do not match with financial statements

3) Lapses in making timely and accurate demand entries in respect of non -tax revenue.

4) Providing provision on doubtful debt without ascertaining year bar break up of arrears/not providing adequate

provision for doubtful debts.

5) Advance allowed to implementing agencies or implementing officers for specific purpose booked as actual expenses without obtaining utilisation certificate.

6) Monthly bank reconciliation statement not prepared.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്